# ഗർഭകാലത്തെ അപകട ലക്ഷണങ്ങൾ

## ആമുഖം

- ❖ ഗുരുതരമായ പ്രശ്നങ്ങളില്ലാതെ മിക്ക സ്ത്രീകളുടെയും ഗർഭകാലം കടന്നുപോകാറുണ്ട്. ഗർഭകാലത്തെ സാധാരണ ബുദ്ധിമുട്ടുകളിൽ നെഞ്ചെരിച്ചിൽ, നടുവേദന, മാറിടത്തിന് മൃദുലതയും വീക്കവും, തളർച്ച എന്നിവ ഉൾപ്പെട്ടേക്കാം.



- ❖ എന്നിരുന്നാലും, ഗർഭകാലത്തും പ്രസവസമയത്തും ചിലപ്പോൾ പ്രശ്നങ്ങൾ ഉണ്ടായേക്കാം, അവ അമ്മയുടെയും കുഞ്ഞിന്റെയും അല്ലെങ്കിൽ ഇരുവരുടെയും ജീവിതത്തിന് അപകടം ഉണ്ടാക്കിയെന്നും വരാം.
- ❖ പ്രസവത്തിനു മുമ്പ് പതിവായി ആരോഗ്യപരിശോധന നടത്തിക്കുന്ന ഗർഭിണികളുടെ കാര്യത്തിൽ വളരെ നേരത്തെ തന്നെ ഈ പ്രശ്നങ്ങൾ തിരിച്ചറിയുവാൻ കഴിയും.
- ❖ ഈ അപകട ലക്ഷണങ്ങൾ അറിഞ്ഞിരിക്കുന്നത് ആരോഗ്യപരിചരണം നൽകുന്നവരിൽ നിന്ന് പ്രത്യക കരുതൽ നേടാൻ ഗർഭിണിയെ/ അംഗൻവാടി പ്രവർത്തകയെ സഹായിക്കും.
- ❖ യഥാസമയത്തുള്ള ചികിത്സ തേടിയില്ലെങ്കിൽ, അതിന് ഗർഭിണിയുടെ അല്ലെങ്കിൽ കുഞ്ഞിന്റെ അല്ലെങ്കിൽ രണ്ടുപേരുടെയും മരണത്തിൽ കലാശിച്ചു എന്നു വരാം.
- ❖ അപകടലക്ഷണങ്ങളുള്ള ഒരു ഗർഭിണിയെ ഉപദേശം തേടുന്നതിനു വേണ്ടി ഫീൽഡ് റഫറൽ യൂണിറ്റ്/ആശുപത്രിയിൽ കൊണ്ടുപോകണം.

## ഗർഭകാലത്തെ അപകട ഘടകങ്ങൾ

• • •

- ഉയരം കുറവുള്ള സ്ത്രീകൾ (145 സെമീ അല്ലെങ്കിൽ 4 അടി 10 ഇഞ്ചിൽ കുറവ്).
- പ്രായം 18 വയസ്സിൽ കുറവോ 35 വയസ്സിൽ കൂടുതലോ ആയിരിക്കുക.
- ഹൃദയ രോഗം, പ്രമേഹം, ക്ഷയം, മലേറിയ, രക്തക്കുറവ് എന്നിവ പോലെയുള്ള ഏതെങ്കിലും ആരോഗ്യ പ്രശ്നങ്ങളുടെ ചരിത്രവും ഒപ്പം മറ്റ് മെഡിക്കൽ തകരാറുകളും.
- ഗർഭത്തിന്റെ ആദ്യത്ത മൂന്നുമാസത്തിൽ തൂക്കം 38 കിലോയിൽ കുറവ്.
- മുൻപത്തെ പ്രസവത്തിൽ പ്രശ്നങ്ങൾ (മോശമായ പ്രസൂതി ചരിത്രം അല്ലെങ്കിൽ മുൻപത്തെ സിസേറിയൻ പ്രസവം).
- ഗർഭകാലത്ത് മലേറിയ.
- ഭ്രൂണ ചലനം മന്ദമാകുക/ ഇല്ലാതാകൽ.
- ഇപ്പോഴത്തെ ഗർഭത്തിൽ ഇനി പറയുന്നതു പോലെയുള്ള പ്രശ്നങ്ങൾ:
  - ഗർഭത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ രക്തസ്രാവം.
  - അസാധാരണമായി എന്തെങ്കിലും കാണപ്പെടുക.
  - ഗർഭത്തിന്റെ ഫലമായുള്ള ഉയർന്ന രക്തസമ്മർദ്ദം.
  - ഗുരുതരമായ രക്തക്കുറവ്.
  - ഇരട്ടകുട്ടികൾ, ക്രമത്തിലധികം വലിച്ചുനീട്ടപ്പെട്ട ഗർഭപാത്രം.

## അപകട ലക്ഷണങ്ങൾ:

| | |
|---|---|
| **ഗർഭകാലത്ത് അല്ലെങ്കിൽ പ്രസവസമയത്തുണ്ടാകുന്ന രക്തസ്രാവം:**<br>• ഗർഭകാലത്തുണ്ടാകുന്ന ഏത് രക്തസ്രാവവും അല്ലെങ്കിൽ പ്രസവസമയത്ത് അഥവാ അതിനു ശേഷം ഉണ്ടാകുന്ന അത്യധികമായ രക്തംപോക്ക് അമ്മയുടെയും ഒപ്പം/അല്ലെങ്കിൽ കുഞ്ഞിന്റെയും മരണത്തിനു കാരണമായേക്കാം.<br>• ഗർഭിണിയെ ഉടൻ തന്നെ ആശുപത്രിയിലേക്കു കൊണ്ടുപോകണം. |  |
| **ശ്വാസമെടുക്കാൻ വിഷമം അനുഭവപ്പെടുന്നതിനൊപ്പം അഥവാ അല്ലാതെയുള്ള ഗുരുതരമായ വിളർച്ച:**<br>• ഗുരുതരമായ വിളർച്ചയുള്ള സ്ത്രീകളുടെ കൺപോളകൾ, നഖങ്ങൾ, കൈവെള്ള എന്നിവ വിളറി വെളുത്ത് കാണപ്പെടും. അവർക്ക് ശ്വാസമെടുക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടെന്നും വരാം.<br>• പ്രസവ സമയത്ത് ഹൃദയസ്തംഭനം, മാസം തികയാതെയുള്ള പ്രസവം, ഗർഭകാലത്ത് രോഗാണുബാധകൾ തുടങ്ങിയ പല സങ്കീർണ്ണതകളിലേക്കും അത് നയിച്ചെന്നു വരാം.<br>• ഗുരുതരമായ വിളർച്ചയുള്ള ഒരു സ്ത്രീയുടെ പ്രസവം ആശുപത്രിയിൽ നടത്തണം. |  |
| **ഗർഭകാലത്ത് അല്ലെങ്കിൽ പ്രസവശേഷം ഒരു മാസത്തിനകം കടുത്ത പനി:**<br>• ഇത്തരത്തിലുള്ള പനിയുണ്ടായാൽ, ഉടൻ തന്നെ ആ സ്ത്രീയെ ആശുപത്രിയിലേക്കു കൊണ്ടുപോകണം.<br>• സ്ത്രീയ്ക്ക് എന്തോ രോഗാണുബാധയുണ്ട് എന്നതിന്റെ സൂചനയാണ് കടുത്ത പനി. വളരുന്ന ശിശുവിന് അത് ദോഷകരമായേക്കാം.<br>• ആശുപത്രിയിലേക്കു കൊണ്ടുപോകുന്ന സമയത്ത് സ്ത്രീയെ പുതപ്പിച്ച് ശരീരത്തിലെ ചൂട് നിലനിർത്തണം.<br>• പനി കുറയ്ക്കുന്നതിന് തണുത്ത വെള്ളം കൊണ്ട് ശരീരം തുടക്കുന്ന രീതി സ്വീകരിക്കാവുന്നതാണ്. |  |
| **കോച്ചിവലിക്കൽ അല്ലെങ്കിൽ അപസ്മാരം, കാഴ്ചയ്ക്കു മങ്ങൽ, തലവേദന, പാദങ്ങളിൽ പെട്ടെന്നുണ്ടാകുന്ന വീക്കം**<br>• ഈ അവസ്ഥകൾ കാരണം തലച്ചോറിന് തകരാറ് സംഭവിക്കുക/അമ്മയും ഗർഭത്തിലുള്ള കുഞ്ഞും മരിക്കുക എന്നിവ സംഭവിക്കാം.<br>• ഈ അവസ്ഥകളിലും, കഴിവതും നേരത്തെ ആ സ്ത്രീയെ ആശുപത്രിയിലേക്കു കൊണ്ടുപോകണം. |  |
| **12 മണിക്കൂർ അധികം ദീർഘിക്കുന്ന പ്രസവവേദന:**<br>• സ്ത്രീയെ ഉടൻ തന്നെ ആശുപത്രിയിലേക്കു കൊണ്ടുപോകണം.<br>• സ്ത്രീയുടെ പ്രസവം ഒരു ഡോക്ടറുടെ സാന്നിദ്ധ്യത്തിൽ നടത്തണം. |  |
| **പ്രസവ വേദനയില്ലാതെ ഗർഭപാത്രത്തിലെ ജലാവരണം പൊട്ടുക:**<br>• ജലാവരണം പൊട്ടിയാൽ അമ്മയ്ക്കും കുഞ്ഞിനും രോഗാണുബാധകൾ ഉണ്ടാകാൻ സാദ്ധ്യത കൂടുതലാണ്.<br>• സ്ത്രീയെ ഉടൻ തന്നെ ആശുപത്രിയിലേക്കു കൊണ്ടുപോകണം.<br>• സ്ത്രീയുടെ പ്രസവം ഒരു ഡോക്ടറുടെ സാന്നിദ്ധ്യത്തിൽ നടത്തണം. |  |